**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2314

23.01.2014-ലെ മറുപടിയ്ക്ക്

# പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള റിവൈവൽ ഫണ്ട്

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ

(എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നിലവിൽ നൽകിവരുന്ന റിവൈവൽ ഫണ്ട് എത്ര രൂപയാണ്; ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ; റിവൈവൽ ഫണ്ട് അഞ്ച് ലക്ഷമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി, സബ്സിഡി ഇനങ്ങളിലായി പരമാവധി 3 ലക്ഷം രൂപ 2:3 അനുപാതത്തിൽ നൽകുന്നുണ്ട്. 2014-15 വർഷം മുതൽ ധനസഹായം പരമാവധി 5 ലക്ഷമായി വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

മാനദണ്ഡം

1. സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് ധനസഹായം അനുവദിക്കുന്നത്.
2. ഓഹരി, സബ്സിഡി എന്നിവ അനുവദിക്കുന്നതിന് നിയമാവലിയിൽ വ്യവസ്ഥയുണ്ടായിരിക്കണം.
3. സംഘം പ്രവർത്തനം അഴിമതിരഹിതവും സർക്കാർ

ധനസഹായത്തിൽ കുടിശ്ശികയില്ലാത്തതുമായിരിക്കണം.

4. സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും ശമ്പളം പറ്റുന്ന സെക്രട്ടറിയും ഉണ്ടായിരിക്കണം.
5. അംഗങ്ങളിൽ നിന്നും പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം കുറഞ്ഞത് 12000/- രൂപ ഉണ്ടായിരിക്കണം.
6. ആഡിറ്റ് കുടിശ്ശിക രണ്ടു വർഷത്തിലധികം പാടില്ല.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് വഴി നൽകി വരുന്ന റിവോൾവിംഗ് ഫണ്ട് 10 ലക്ഷമായി ഉയർത്തി സ്വാശ്രയ ഗ്രൂപ്പുകൾക്ക് വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും കയർ, ഫിഷറീസ്, വ്യവസായം എന്നീ വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുമുള്ള പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാർ ഫണ്ട് മാനേജർ ആയിട്ടുള്ള റിവോൾവിംഗ് ഫണ്ടിന്റെ സെൻട്രൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം പ്രോജക്റ്റുകളുടെ അടിസ്ഥാനത്തിലാണ് റിവോൾവിംഗ് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നത്. 160 ലക്ഷം രൂപ മൂലധനത്തിൽ രൂപീകരിച്ചിട്ടുള്ള ഫണ്ടിൽ 24 ലക്ഷം രൂപ പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനുള്ള വിഹിതമാണ്. പ്രസ്തുത ഫണ്ടിലേക്ക് കൂടുതൽ തുക ലഭിച്ചാൽ മാത്രമേ ധനസഹായ തുക വർദ്ധിപ്പിക്കുന്ന

കാര്യം പരിശോധിക്കുന്നതിനു
സാധിക്കയുള്ളൂ. നിലവിൽ
പട്ടികജാതി/പട്ടികവർഗ്ഗ
സഹകരണ സംഘങ്ങളുടെ
കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്കും
പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ
വായ്പ അനുവദിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ